ഉത്തരം

(എ) 17-10-1997-ലെ സർക്കാർ ഉത്തരവ് നമ്പർ 235/97/ത.ഭ.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള കേരള പഞ്ചായത്ത് രാജ് പരിശോധനരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരമുള്ള പരിശോധനയിലൂടെ ത്രിതലപഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങളിലെ ന്യൂനതകൾ പരിഹരിക്കുന്നു.

(ബി-ഡി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലാ പഞ്ചായത്തുകളുടെ ഓഡിറ്റ് 1998- 99 വരെ പൂർത്തിയായി. 1999-2000 വർഷത്തിലെ പെർഫോമൻസ് ഓഡിറ്റ് നടത്താൻ നടപടി സ്വീകരിച്ചു വരുന്നു. 1997-98, 1998-99 വർഷങ്ങളിൽ 785 ഗ്രാമപഞ്ചായത്തുകളിൽ പെർഫോമൻസ് ഓഡിറ്റ് നടത്തിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകളിൽ പെർഫോമൻസ് ഓഡിറ്റ് പൂർത്തിയാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ആദ്യഘട്ടം ആയിരുന്നതിനാലും കേന്ദ്രീകൃത മോണിറ്ററിംഗ് ഫലപ്രദമാക്കാൻ കഴിയാത്തതിനാലും ആണ് കാലതാമസം നേരിടുന്നത്. ഈ വൈകല്യങ്ങൾ ഇപ്പോൾ പരിഹരിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലാ പഞ്ചായത്ത് നടപ്പാക്കിയ പദ്ധതികൾ

22(402) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999-2000-ാം മാണ്ടിലെ പദ്ധതി നിർവ്വഹണത്തിൽ ആലപ്പുഴ ജില്ലയിൽ ഏറ്റവും മുൻപന്തിയിൽ വന്ന 10 പഞ്ചായത്തുകളുടെയും 3 മുനിസിപ്പാലിറ്റികളുടെയും 3 ബ്ലോക്ക് പഞ്ചായത്തുകളുടെയും പേരുകൾ വെളിപ്പെടുത്തുമോ ;

(ബി) ഈ സമിതികൾ പദ്ധതി നിർവ്വഹണത്തിൽ ലക്ഷ്യം കൈവരിച്ചത് എത്ര ശതമാനം വീതമാണ് ;

(സി) പദ്ധതി നിർവ്വഹണത്തിൽ ആലപ്പുഴ ജില്ലാപഞ്ചായത്ത് 1999-2000 ആണ്ടിൽ എത്ര ശതമാനം കൈവരിച്ചു;

(ഡി) ആലപ്പുഴ ജില്ലാ പഞ്ചായത്ത് 1999-2000-ാം മാണ്ടിൽ നടപ്പാക്കിയ ഏറ്റവും പ്രധാനപ്പെട്ട 10 പദ്ധതികളുടെ പേരുകളും അതിനായി ചെലവഴിച്ച തുകകളും അറിയിക്കുമോ ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകൾ:-

1.	തണ്ണീർമുക്കം	2.	വള്ളിക്കുന്നം
3.	കഞ്ഞിക്കുഴി	4.	പാണ്ടനാട്
5.	മാന്നാർ	6.	തഴക്കര
7.	തൃപ്പെരുന്തുറ	8.	പെരുമ്പളം
9.	തിരുവൻവണ്ടൂർ	10.	ആര്യാട്

LIBRARY ARCHIVES Kerala Legislative Assembly

മുനിസിപ്പാലിറ്റികൾ : — 1. കായംകുളം മുനിസിപ്പാലിറ്റി
2. ചേർത്തല മുനിസിപ്പാലിറ്റി

ബ്ലോക്ക് പഞ്ചായത്തുകൾ : — 1. വെളിയനാട്
2. അമ്പലപ്പുഴ
3. മാവേലിക്കര.

(ബി)

1.	തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത്	92.5
2.	വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത്	99.4
3.	കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത്	98.4
4.	പാണ്ടനാട് ഗ്രാമപഞ്ചായത്ത്	99.7
5.	മാന്നാർ ഗ്രാമപഞ്ചായത്ത്	94.8
6.	തഴക്കര ഗ്രാമപഞ്ചായത്ത്	94.01
7.	തൃപ്പെരുന്തുറ ഗ്രാമപഞ്ചായത്ത്	94.36
8.	പെരുംപളം ഗ്രാമപഞ്ചായത്ത്	96.52
9.	തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത്	95.83
10.	ആര്യാട് ഗ്രാമപഞ്ചായത്ത്	91.1
11.	കായംകുളം നഗരസഭ	82.20
12.	ചേർത്തല നഗരസഭ	81.57
13.	വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്	84.2
14.	അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്	81.5
15.	മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത്	81.2

(സി) 83.88 ശതമാനം കൈവരിച്ചു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

മലപ്പുറം ജില്ലാ പഞ്ചായത്തിനു അനുവദിച്ച ഫണ്ട്

23(403) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലാപഞ്ചായത്തിന് 2000-2001-ൽ പദ്ധതി വിഹിതമായി എത്ര ഫണ്ട് അനുവദിച്ചു എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly